പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2016 ഒക്ടോബർ 19-ാം തീയതി സമർപ്പിച്ചത്
(Presented on 19th October, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

1090/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (2016-2018)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, "

ശ്രീ. ടി. വി. ഇബ്രാഹിം, "

ശ്രീ. എം. രാജഗോപാലൻ, "

ശ്രീ. വി. പി. സജീന്ദ്രൻ, "

ശ്രീ. തോമസ് ചാണ്ടി, "

ശ്രീ. പി. ഉണ്ണി, "

ശ്രീമതി വീണാ ജോർജ്ജ്, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ ചെയർമാനായ ഞാൻ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

വിഷയനിർണ്ണയ സമിതി VII-ന്റെ അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 17-11-2015, 15-2-2016, 31-8-2016 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും രണ്ടാം ഭാഗത്ത് മറുപടി ലഭിക്കാത്ത ശിപാർശകളും ചേർത്തിരിക്കുന്നു.

2016 ഒക്ടോബർ 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2016 ഒക്ടോബർ 18.

റ്റി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

## റിപ്പോർട്ട്

### ഭാഗം I

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൽ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

<u>തൊഴിലും നൈപുണ്യവും വകുപ്പ്</u>

<u>ശിപാർശ</u>

2230-01-001-99-<u>തൊഴിലും തൊഴിൽ സൗകര്യങ്ങളും-തൊഴിൽ-ഭരണവും നടത്തിപ്പും-നടത്തിപ്പ്</u>

വിഹിതം: 5,26,32,000 രൂപ (പദ്ധതിയേതരം)

ലേബർ കമ്മീഷണറുടെയും കമ്മീഷണറേറ്റിലെ ജീവനക്കാരുടെയും സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം, വെള്ളക്കരം, ടെലിഫോൺ ചെലവ്, വാടക, കരം, നികുതി, ഔദ്യോഗിക ഭാഷാ പ്രയോഗം, വാഹനം വാങ്ങൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 14.24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

2230-01-001-98-<u>ജില്ലാ ആഫീസുകൾ</u>

വിഹിതം: 16,60,11,000 രൂപ (പദ്ധതിയേതരം)

റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഓഫീസുകൾ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസുകൾ, ജില്ലാ ലേബർ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, വിവരസാങ്കേതികവിദ്യ എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 8-ഉം 9-ഉം ഉള്ളത്)

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന പ്രകാരം ലേബർ കമ്മീഷണർ ലഭ്യമാക്കിയ 18.09.2015-ലെ F(4)13310/15 നമ്പർ റിപ്പോർട്ട് 06.10.2015-ന് അംഗീകാരത്തിനായി ധനകാര്യ വകുപ്പിന് അയച്ചുവെങ്കിലും ടി വകുപ്പ് 28.03.2016-ന് അധിക തുക ആവശ്യമുള്ള ശീർഷകങ്ങളിൽ വിശദാംശങ്ങൾ സഹിതം യുക്തമായ ധനപുനർവിനിയോഗ ശിപാർശ ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയാണ് ഉണ്ടായത്. 2015-16 സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ ധനപുനർവിനിയോഗം സാദ്ധ്യമല്ലെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## ശിപാർശ

2230-01-101-99-കുറഞ്ഞകൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം :2372000 രൂപ (പദ്ധതിയേതരം)

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും മിനിമം വേജസ് കമ്മിറ്റികളിലെയും ജീവനക്കാരുടെ യാത്രാപ്പടി, അവധി യാത്രാനുകൂല്യം എന്നീ ആവശ്യങ്ങൾക്കായി വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

## സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം 2230-01-101-99-04(1) (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗത്തിലൂടെ അനുവദിക്കുന്നതിനുള്ള ശിപാർശ സാമ്പത്തിക വർഷം അവസാനിച്ചതിനാൽ അംഗീകരിക്കുവാൻ കഴിയില്ല എന്ന് ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി. എന്നാൽ 31.03.2016-ൽ ലേബർ കമ്മീഷണർ അധിക ചെലവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം 2015-16 സാമ്പത്തിക വർഷം 2230-01-101-99-04 ശീർഷകത്തിൽ അധിക ചെലവൊന്നും വന്നിട്ടില്ല. മാത്രമല്ല 16000/- രൂപ സേവിംഗ്സും ഉണ്ട്. കൂടാതെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക കമ്മിറ്റിക്ക് യാത്രാബത്തയിനത്തിൽ 840000/- (എട്ട് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) രൂപ 2230-01-101-98-04-1 (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡിന് " 2230-01-101-98-04-1" (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 4,00,000/-(നാല് ലക്ഷം രൂപ മാത്രം) രൂപയും വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2230-01-101-96-വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

വിഹിതം : 62,80,000 രൂപ (പദ്ധതിയേതരം)

-05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 62,000 രൂപ (പദ്ധതിയേതരം)

ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഡിജിറ്റൽ ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ സേഫ് ഡെപ്പോസിറ്റ് ബോക്സ്, ലോക്കറുള്ള അലമാര, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

ധന പുനർവിനിയോഗം വഴി സമിതി ശിപാർശ ചെയ്തിട്ടുള്ള ശീർഷകത്തിൽ 85,000/- രൂപ അനുവദിച്ചിട്ടുണ്ട്. വിഭവ പരിമിതി മൂലം മുഴുവൻ തുകയും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-01-101-95-വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം :74,00,000 രൂപ (പദ്ധതിയേതരം)

-05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം :60,000 രൂപ (പദ്ധതിയേതരം)

കോഴിക്കോട് വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.56 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

ശിപാർശ ചെയ്തിട്ടുള്ള ശീർഷകത്തിൽ ധന പുനർവിനിയോഗം വഴി 32,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. വിഭവപരിമിതി മൂലം ശിപാർശ ചെയ്ത മുഴുവൻ തുകയും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നില്ല. നടപ്പ് സാമ്പത്തിക വർഷം അധികതുകയ്ക്കായുള്ള ശിപാർശ പരിഗണനയിലാണ്.

ശിപാർശ

2230-01-101-94-വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

വിഹിതം :7064000 രൂപ (പദ്ധതിയേതരം)

-04-(1)-യാത്രാബത്ത

വിഹിതം :1,80,000 രൂപ (പദ്ധതിയേതരം)

ട്രിബ്യൂണലിന് കൊല്ലം, തിരുവനന്തപുരം എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ അധിക ചുമതല നൽകിയിട്ടുള്ളതിനാൽ ടി ജില്ലകളിൽ ക്യാമ്പ് സിറ്റിംഗുകൾ നടത്തേണ്ടതിനാൽ യാത്രാബത്ത ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 38,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത ശീർഷകത്തിൽ ധന പുനർവിനിയോഗം വഴി 40,000/- രൂപ അനുവദിച്ചിട്ടുണ്ട്. ശിപാർശ നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ

-05-04-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം :110000 രൂപ (പദ്ധതിയേതരം)

എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകൾ ട്രിബ്യൂണലിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട സാഹചര്യത്തിൽ പുതിയ ചുമതല വഹിച്ചതുമൂലമുണ്ടായ അധിക ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി 93,000/- രൂപയും ധനപുനർവിനിയോഗം വഴി 10,000/- രൂപയും ചേർത്ത് ആകെ 1,03,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. വിഭവപരിമിതി കാരണം ശിപാർശ ചെയ്ത മുഴുവൻ തുകയും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നില്ല.

ശിപാർശ

-99-വിവരസാങ്കേതികവിദ്യ

വിഹിതം :1000 രൂപ (പദ്ധതിയേതരം)

ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ലാപ്ടോപ്പ്, കമ്പ്യൂട്ടർ, പ്രിന്റർ. ഫാക്സ് മെഷീൻ, മറ്റനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 3.35 ലക്ഷം രൂപ ലഭ്യമായ സേവിംഗ്സ് ധനപുനർവിനിയോഗം നടത്തിയോ അഡീഷണൽ ആതറൈസേഷൻ വഴിയോ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ടിന്റെ ദൗർലഭ്യം കാരണം അധിക തുക അനുവദിച്ചിട്ടില്ല. ലേബർ കമ്മീഷണർ മുഖേന ഒരു കമ്പ്യൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്.

ശിപാർശ

2230-01-101-91-തൊഴിൽ കോടതി, എറണാകുളം

വിഹിതം :65,95,000 രൂപ (പദ്ധതിയേതരം)

-05-3-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

വിഹിതം :25,000 രൂപ (പദ്ധതിയേതരം)

എറണാകുളം തൊഴിൽ കോടതിക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

നിർദ്ദിഷ്ട ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി 15,000 രൂപ അധികമായി അനുവദിച്ചിരുന്നു. ശിപാർശ നടപ്പാക്കിയിട്ടുണ്ട്.

ശിപാർശ

-21-മോട്ടോർ വാഹനങ്ങൾ

വിഹിതം :ഇല്ല

എറണാകുളം തൊഴിൽ കോടതി നിലവിൽ ഉപയോഗിക്കുന്ന കാർ ഇനിയും ഉപയോഗിക്കാൻ കഴിയാത്തവിധം ഉപയോഗശൂന്യമായതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം പുതിയ കാർ വാങ്ങുന്നതിനായി ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഫണ്ട് അനുവദിച്ചില്ല. വിഭവപരിമിതി മൂലം ശിപാർശ നടപ്പാക്കാൻ കഴിഞ്ഞില്ല.

ശിപാർശ

-99-വിവരസാങ്കേതികവിദ്യ

വിഹിതം :5000 രൂപ (പദ്ധതിയേതരം)

പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ചാർജ്ജുകളിലേയ്ക്കുമായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനപുനർവിനിയോഗം വഴി 12,000/- രൂപ അധികമായി അനുവദിച്ചിരുന്നു. വിഭവപരിമിതി മൂലം പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2230-01-101-89-<u>ലേബർ കോടതി, കണ്ണൂർ</u>

വിഹിതം :6379000 രൂപ (പദ്ധതിയേതരം)

-06-<u>വാടക, കരം, നികുതി</u>

വിഹിതം :72,000 രൂപ

2015 ഏപ്രിൽ മുതൽ 2016 ഫെബ്രുവരി വരെയുള്ള വാടക, മാസം 12,000 രൂപ വീതം നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമായി 72,000 രൂപ അനുവദിച്ചിട്ടുണ്ട്. വിഭവപരിമിതി മൂലം സമിതി ശിപാർശ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

-21-2-<u>മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം :23000 രൂപ (പദ്ധതിയേതരം)

കണ്ണൂർ തൊഴിൽ കോടതിക്ക് കാർ റിപ്പയർ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവപരിമിതി മൂലം അധിക തുക അനുവദിച്ചിട്ടില്ല. ശിപാർശ നടപ്പിലാക്കിയിട്ടില്ല.

ശിപാർശ

2230-01-101-86-വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം :5978000 രൂപ (പദ്ധതിയേതരം)

-04-1-യാത്രാചെലവുകൾ-യാത്രാബത്ത

വിഹിതം :1,65,000 രൂപ (പദ്ധതിയേതരം)

ട്രിബ്യൂണലിന്റെ അധികാരപരിധി വർദ്ധിച്ചതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ 2.55 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം സമിതി ശിപാർശ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല.

ശിപാർശ

04-2-യാത്രാ ചെലവുകൾ-സ്ഥലംമാറ്റ ബത്ത

വിഹിതം :10000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 5,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ചിട്ടില്ല. വിഭവപരിമിതി മൂലം ശിപാർശ നടപ്പിലാക്കിയിട്ടില്ല.

ശിപാർശ

-04-4-യാത്രാ ചെലവുകൾ-അവധി യാത്രാനുകൂല്യം

വിഹിതം :5000 രൂപ (പദ്ധതിയേതരം)

പ്രിസൈഡിംഗ് ഓഫീസർക്ക് നാഷണൽ ജുഡീഷ്യറി പേ കമ്മീഷൻ ആനുകൂല്യങ്ങൾ ബാധകമായതിനാൽ ഈ ശീർഷകത്തിൽ 45,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ചിട്ടില്ല. വിഭവപരിമിതി മൂലം ശിപാർശ നടപ്പിലാക്കിയിട്ടില്ല.

ശിപാർശ

-05-3-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

വിഹിതം :30000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 20,400 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതി മൂലം അനുവദിച്ചിരുന്നില്ല. ശിപാർശ നടപ്പിലാക്കിയിട്ടില്ല.

ശിപാർശ

-05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം :84000 രൂപ (പദ്ധതിയേതരം)

1993 മുതലുള്ള നിയമപുസ്തകങ്ങൾ ബൈന്റ് ചെയ്യുവാനും ഇ.സി.സി.യുടെ അധിക ചുമതല കൂടി ലഭിച്ചതിനാൽ കേസിലെ കക്ഷികൾക്ക് സമൻസ് അയയ്ക്കുവാനും കേസുകളും അനുബന്ധ രേഖകളും സൂക്ഷിക്കുവാനുള്ള ഫർണിച്ചർ വാങ്ങുന്നതിനും പുസ്തകങ്ങളും പീരിയോഡിക്കൽസും വാങ്ങുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

10,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം സമിതി ശിപാർശ ഭാഗികമായി മാത്രമേ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

ശിപാർശ

-06-വാടക, കരം, നികുതി

വിഹിതം :85,000 രൂപ (പദ്ധതിയേതരം)

പ്രിസൈഡിംഗ് ഓഫീസറുടെ ഔദ്യോഗിക വസതിയുടെ വാടക വർദ്ധിച്ചതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കു പുറമെ 12,000 രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

22,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ശിപാർശ നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ

-21-മോട്ടോർ വാഹനങ്ങൾ

വിഹിതം :ഇല്ല

പുതിയ വാഹനം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതി മൂലം ഫണ്ട് അനുവദിച്ചിട്ടില്ല. ശിപാർശ നടപ്പിലാക്കിയിട്ടില്ല.

ശിപാർശ

-21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം :35,000 രൂപ (പദ്ധതിയേതരം)

വാഹനത്തിന്റെ യന്ത്രത്തകരാറുകൾ പരിഹരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്കു പുറമെ 65,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

15,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. വാഹനത്തിന് അപകടം സംഭവിച്ച് തകർന്നു പോയതിനാൽ കണ്ടം ചെയ്തിട്ടുണ്ട്. ആകയാൽ ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല. ശിപാർശ നടപ്പിലാക്കിയിട്ടില്ല.

ശിപാർശ

-45-പി.ഒ.എൽ.

വിഹിതം :90,000 രൂപ (പദ്ധതിയേതരം)

ട്രിബ്യൂണലിന് ഇ.സി.സി.യുടെ അധിക ചുമതലകൂടി ഉള്ളതിനാൽ കോട്ടയം, മൂന്നാർ, തൊടുപുഴ എന്നിവിടങ്ങളിൽ ക്യാമ്പ് കോർട്ട് സിറ്റിംഗുകൾ നടത്തുന്നതിന് പ്രതിമാസം 3000 കിലോമീറ്റർ സഞ്ചരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 1.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

15,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. വാഹനത്തിന് അപകടം സംഭവിച്ച് തകർന്നു പോയതിനാൽ കണ്ടം ചെയ്തിട്ടുണ്ട്. ആകയാൽ ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല. ശിപാർശ നടപ്പിലാക്കിയിട്ടില്ല.

ശിപാർശ

-97-വാഹനങ്ങളുടെ വാടക

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

നിലവിലുള്ള വാഹനം ക്യാമ്പ് കോർട്ട് സിറ്റിംഗുകൾ നടത്തുവാനും ബഹുദൂരം യാത്ര ചെയ്യുവാനും അനുയോജ്യമല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേയ്ക്കായി 4.43 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

40,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. വിഭവപരിമിതി മൂലം ശിപാർശ ഭാഗികമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ.

ശിപാർശ

-99-വിവരസാങ്കേതിക വിദ്യ

വിഹിതം :25,000 രൂപ (പദ്ധതിയേതരം)

ഓഫീസ് കമ്പ്യൂട്ടർവത്കരിക്കുന്നതിനും സ്കാനർ, ഇൻവർട്ടർ, ബാറ്ററി എന്നിവ വാങ്ങുന്നതിനും ഓഫീസിലേയ്ക്കും പ്രിസൈഡിംഗ് ഓഫീസറുടെ ചേമ്പറിലേയ്ക്കും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനും ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ എന്നിവയുടെ റിപ്പയറും മെയിന്റനൻസും എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

75,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. വിഭവപരിമിതി മൂലം കൂടുതൽ തുക അനുവദിച്ചിട്ടില്ല. ശിപാർശ ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ

2230-01-101-85-വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം :70,50,000 രൂപ (പദ്ധതിയേതരം)

-05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം :99,000 രൂപ (പദ്ധതിയേതരം)

നിലവിലുള്ള ക്യാമ്പ് സിറ്റിംഗുകൾക്കു പുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കേസുകൾ കൂടി കൈകാര്യം ചെയ്യുന്നതിനായി പാലക്കാട് വ്യാവസായിക ട്രിബ്യൂണൽ കാര്യാലയത്തിലേയ്ക്ക് ഫർണിച്ചർ, സ്റ്റാമ്പുകൾ എന്നിവ

വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല. വിഭവപരിമിതി മൂലം ശിപാർശ നടപ്പിലാക്കിയിട്ടില്ല.

<u>ശിപാർശ</u>

-45-<u>പി.ഒ.എൽ.</u>

വിഹിതം :60,000 രൂപ (പദ്ധതിയേതരം)

നിലവിലുള്ള ക്യാമ്പ് സിറ്റിംഗുകൾക്ക പുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളുടെ ക്യാമ്പ് സിറ്റിംഗുകൾകൂടി നടത്തേണ്ടതിനാൽ ഇന്ധനചെലവ് അധികമായി വരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ പരിമിതി മൂലം അധിക തുക അനുവദിച്ചിട്ടില്ല. ശിപാർശ നടപ്പിലാക്കിയിട്ടില്ല

<u>ശിപാർശ</u>

2230-01-102-99-<u>വ്യവസായശാലാ ഡയറക്ടറേറ്റാഫീസ്</u>

വിഹിതം :10,73,11,000 രൂപ (പദ്ധതിയേതരം)

-04-<u>യാത്രാചെലവുകൾ</u>

വിഹിതം :15,82,000 രൂപ (പദ്ധതിയേതരം)

പരിശോധനാ വിഭാഗത്തിലെ വിദഗ്ധർക്ക് നിരന്തരം യാത്ര പോകേണ്ടതിനാൽ യാത്രാചെലവ് കൂടുതലാണ്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 15,82,000 രൂപയിൽ 14,86,073 രൂപ വിനിയോഗിക്കുകയും 70,927 രൂപ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ സറണ്ടർ ചെയ്യുകയും ചെയ്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

-06-<u>വാടക, കരം, നികുതി</u>

വിഹിതം :8,00,000 രൂപ (പദ്ധതിയേതരം)

വാടക, കരം, നികുതി എന്നീ ഇനങ്ങളുടെ നിരക്ക് വളരെയധികം കൂടിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായ 8,00,000 രൂപയ്ക്ക് പുറമെ 4 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചു. ഈ ഇനത്തിൽ ആകെ അനുവദിച്ച 12 ലക്ഷം രൂപയിൽ 10,79,181 രൂപ വിനിയോഗിക്കുകയും 1,20,819 രൂപ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ സറണ്ടർ ചെയ്യുകയുമുണ്ടായി.

<u>ശിപാർശ</u>

-21-<u>മോട്ടോർ വാഹനങ്ങൾ</u>

വിഹിതം :ഇല്ല

24.03.2011-ലെ സർക്കാർ ഉത്തരവു പ്രകാരം 4 വാഹനങ്ങൾ വാങ്ങാൻ വകുപ്പിന് അനുമതി ലഭിച്ചെങ്കിലും 2012-13 സാമ്പത്തിക വർഷത്തിൽ ഫണ്ട് ലഭ്യതയുടെ കുറവ് കാരണം 2 വാഹനങ്ങൾ മാത്രമേ വാങ്ങാൻ കഴിഞ്ഞിരുന്നുള്ളു. 2015-16 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16, 2016-17 സാമ്പത്തിക വർഷത്തിൽ വാഹനങ്ങൾ വാങ്ങുന്നതിന് സമിതി ശിപാർശ പ്രകാരം അധിക തുക വകയിരുത്തുന്നതിനുള്ള (819105(1)/B2/2016/ തൊഴിൽ) നമ്പർ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

<u>ശിപാർശ</u>

-2-<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം :1,03,000 രൂപ (പദ്ധതിയേതരം)

വകുപ്പിന്റെ വാഹനങ്ങൾ പഴകിയതും എക്സൈസ് വകുപ്പിന്റെയും മറ്റും ലേലത്തിൽ പിടിച്ചവയുമായിതിനാൽ കൂടുതൽ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമാണ്. ഈ ഇനത്തിൽ 97,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായ 1,03,000 രൂപയ്ക്ക് പുറമെ 25,000 രൂപ കൂടി അധികമായി അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 1,28,000 രൂപയിൽ 1,15,285 രൂപ വിനിയോഗിക്കുകയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് 12,715 രൂപ സറണ്ടർ ചെയ്യുകയുമുണ്ടായി.

<u>ശിപാർശ</u>

-34-<u>മറ്റു ചെലവുകൾ</u>

വിഹിതം :1,00,000 രൂപ (പദ്ധതിയേതരം)

ഓഫീസ് ചെലവുകൾ വർദ്ധിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ഈയിനത്തിൽ 57,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായ 1,00,000 രൂപയ്ക്ക് പുറമെ 79,845 രൂപ കൂടി അധികമായി അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 1,79,845 രൂപയിൽ മുഴുവൻ തുകയും വിനിയോഗിച്ചു.

<u>ശിപാർശ</u>

2230-01-103-96-<u>കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം</u>

വിഹിതം :2,40,00,000 രൂപ (പദ്ധതിയേതരം)

2014-15-ലെ ഒൻപത് മാസത്തെ വർദ്ധിപ്പിച്ച നിരക്കിലെ പെൻഷൻ 2015-16 വർഷത്തെ പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5653.53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16 കാലയളവിൽ കശുവണ്ടി തൊഴിലാളി ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച 2,40,00,000 രൂപയ്ക്ക് പുറമെ 10.07.2015-ലെ സ.ഉ(സാധാ)നം.942/2015/തൊഴിൽ പ്രകാരം 12,20,60,000 രൂപയും 26.08.2015 ലെ സ.ഉ(സാധാ)നം.1186/2015/തൊഴിൽ പ്രകാരം 10,95,44,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മൊത്തം 25,56,03,600 രൂപ ജനുവരി മുതൽ ജൂലൈ 2015 വരെ പെൻഷൻ

വിതരണം ചെയ്യുന്നതിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ജൂലൈ 2015-ന് ശേഷമുള്ള കാലയളവിലേയ്ക്ക് അനുവദിക്കുന്ന തുക സംബന്ധിച്ച് അന്തിമ മറുപടി നൽകുന്നതാണെന്ന വിവരവും സമിതിയെ ബോധിപ്പിക്കുന്നു.

12-01-2016-ലെ കത്ത് പ്രകാരമുള്ള മറുപടി (13218/ജെ2/2015/തൊഴിൽ നമ്പർ)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015 ആഗസ്റ്റ് മുതൽ നവംബർ 2015 വരെയുള്ള കശുവണ്ടി തൊഴിലാളിക്ഷേമ പെൻഷൻ നൽകിയിട്ടുണ്ട്. മാർച്ച് 2016-നാണ് സർക്കാർ ഇതിനായി പതിനഞ്ചുകോടി രൂപ അനുവദിച്ചത്. ഡിസംബർ 2015 മുതൽ മെയ് 2016 വരെ 600/-രൂപ നിരക്കിലും ജൂൺ 2016 മുതൽ ഒക്ടോബർ 2016 വരെ 1000/-രൂപ നിരക്കിലും പെൻഷൻ നൽകുന്നതിനു 57,27,67,462/-രൂപ ആവശ്യമുണ്ട്. ഇക്കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്.

(30-8-2016-ലെ 16043/ജെ2/2015/തൊഴിൽ നമ്പർ കത്ത് പ്രകാരമുള്ള മറുപടി)

<u>ശിപാർശ</u>

2230-01-103-94-10-<u>മരംകയറ്റത്തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം</u>

<u>(ജനറൽ)</u>

വിഹിതം :1,00,00,000 രൂപ (പദ്ധതിയേതരം)

2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷൻ വിതരണത്തിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള മരംകയറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-94-10(നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും 22.08.2015-ലെ സ.ഉ.(സാധാ)നം.1168/15/തൊഴിൽ പ്രകാരം 85,40,000/- രൂപാ പിൻവലിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകിയിരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം പൂർണ്ണമായ വിനിയോഗ സർട്ടിഫിക്കറ്റോടു കൂടി ശിപാർശ സമർപ്പിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം പൂർണ്ണമായ വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം അധിക തുകയ്ക്കുള്ള ശിപാർശ സമർപ്പിക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരം സമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-92-10-കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി -സംഭാവന

വിഹിതം :1,00,00,000 രൂപ (പദ്ധതിയേതരം)

2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശികയും 2015-16 ലെ പെൻഷനും വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 826.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

2015-16 കാലയളവിൽ കൈത്തറി തൊഴിലാളി ക്ഷേമപെൻഷൻ അനുവദിക്കുന്നത് ബഡ്ജറ്റിലെ തുകയായ 1,00,00,000/- രൂപയ്ക്ക് പുറമെ 10.07.2015-ലെ സ.ഉ.(സാധാ)നം.942/2015/തൊഴിൽ പ്രകാരം 1,35,20,000/- രൂപയും 26.08.2015-ലെ സ.ഉ.(സാധാ)നം.1186/15/തൊഴിൽ പ്രകാരം 5,15,90,000/- രൂപയും ചേർന്ന് ആകെ 7,51,10,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക 2015 ജൂലൈ വരെ പെൻഷൻ വിതരണം ചെയ്യുന്നതിനാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ജൂലൈ 2015-ന് ശേഷമുള്ള കാലയളവിലേയ്ക്ക് അനുവദിക്കുന്ന തുക സംബന്ധിച്ച് അന്തിമ മറുപടി നൽകുന്നതാണെന്ന വിവരവും സമിതിയെ ബോധിപ്പിക്കുന്നു.

(12-01-2016-ലെ 13218/ജെ2/2015/തൊഴിൽ നമ്പർ കത്ത് പ്രകാരമുള്ള മറുപടി)

സർക്കാർ സ്വീകരിച്ച നടപടി

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2015 ഓഗസ്റ്റ് മുതൽ പെൻഷൻ വിതരണം ചെയ്തിട്ടില്ല. 2015 ഓഗസ്റ്റ് മുതൽ 2016 മെയ് വരെ 600/- രൂപ നിരക്കിൽ 6,59,10,000/- രൂപയും 2016 ജൂൺ മുതൽ 2016 ഒക്ടോബർ വരെ 1000/- രൂപ നിരക്കിൽ 5,52,50,000/-രൂപയും പെൻഷൻ വിതരണത്തിനായി ആവശ്യമുണ്ട്. ബോർഡിലെ നീക്കിയിരിപ്പ് തുകയായ 1,42,20,000/- കിഴിച്ച് 10,69,40,000/-രൂപ പെൻഷൻ വിതരണത്തിനു ആവശ്യമുണ്ട്. പെൻഷൻ തുക വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(30-8-2016-ലെ 16043/ജെ2/2015/തൊഴിൽ നമ്പർ കത്ത് പ്രകാരമുള്ള മറുപടി)

ശിപാർശ

2230-01-103-88-കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

വിഹിതം :32,62,000 രൂപ (പദ്ധതിയേതരം)

2014-15-ലെ കടിശ്ശികയും 2015-16-ലെ അംശദാനം അനുവദിക്കുന്നതിനും ഈ ശീർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 129.92 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിക്ക് 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 32,62,000/- രൂപ അനുവദിച്ചു. ടി തുകയുടെ വിനിയോഗത്തിനുശേഷം അധിക തുകയ്ക്കുള്ള പ്രൊപ്പോസലിന്റെ അഭാവത്തിൽ കൂടുതൽ തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

2230-01-103-86-10-കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും - സംഭാവന

വിഹിതം :1,00,00,000 രൂപ (പദ്ധതിയേതരം)

2014-15-ലെ വർദ്ധിച്ച നിരക്കിലുള്ള പെൻഷൻ കടിശ്ശികയും 2015-16-ലെ പെൻഷൻ വിതരണം നടത്തുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4404.89 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

07/2015 വരെയുള്ള തയ്യൽ തൊഴിലാളി ക്ഷേമപെൻഷൻ വിതരണത്തിനായി 2230-01-103-86(NP) ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം 5.0747 കോടി രൂപ 12.06.2015-ലെ സ.ഉ.(സാധാ)നം.5659/15/ധന., 22.08.2015-ലെ സ.ഉ.(സാധാ)നം.7611/15/ധന. എന്നീ ഉത്തരവുകൾ മുഖേന അധിക തുകയായി അനുവദിച്ചിട്ടുണ്ടെന്നും 07/2015-ന് ശേഷമുള്ള പെൻഷൻ വിതരണത്തിന് യുക്തമായ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ധനവകുപ്പ് അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ സവിനയം ബോധിപ്പിക്കുന്നു.

ശിപാർശ

2230-01-103-83-ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് താൽക്കാലിക ധനസഹായം

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

2014-15-ലെ കടിശ്ശിക ഉൾപ്പെടെ അനുവദിക്കുന്നതിന് നിലവിലുള്ള തുക

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 29,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം 2230-01-103-83 എന്ന ശീർഷകത്തിൽ 1000/- രൂപ ടോക്കൺ വിഹിതമായി അനുവദിക്കുകയും 28.03.2015 തീയതിയിലെ സ.ഉ.(സാധാ)നം.439/15/തൊഴിൽ പ്രകാരം 29,000/- രൂപ അനുവദിച്ചതും ഉൾപ്പെടെ 30,000/- രൂപ വിനിയോഗിച്ചിട്ടുള്ളതായി ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2014-15-ൽ മേൽ തുക അനുവദിക്കുന്നതിന് മുമ്പാണ് 29,000/- രൂപ അധികമായി അനുവദിക്കണമെന്ന അഭ്യർത്ഥനയോടെ 2015-16-ലെ വിഷയ നിർണ്ണയ സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിച്ചതിനാലും 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് തുക അനുവദിക്കണമെന്ന് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ആവശ്യപ്പെടാത്ത സാഹചര്യത്തിലും ടി ശീർഷകത്തിൽ അധികമായി തുക അനുവദിക്കേണ്ടതില്ല എന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരും അവരുടെ ആശ്രിതരുമുൾപ്പെടെ മുഴുവൻ ആളുകളും ഈ ഇനത്തിൽ അനുവദിച്ച 30,000/- രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും ഈ ആവശ്യത്തിൻമേൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ യാതൊരു അപേക്ഷയും അവശേഷിക്കുന്നില്ലായെന്നും ഈ സാമ്പത്തിക വർഷം 2230-01-103-83 എന്ന ശീർഷകത്തിൽ തുക അനുവദിക്കേണ്ടതില്ലായെന്നും കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫയർ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിവരങ്ങൾ സമിതി മുമ്പാകെ സവിനയം ബോധിപ്പിക്കുന്നു.

<u>ശിപാർശ</u>

2230-01-103-79-10-<u>കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്-സംഭാവന</u>

വിഹിതം :22,00,000 രൂപ (പദ്ധതിയേതരം)

2014-15 സാമ്പത്തിക വർഷം വകയിരുത്തിയ 22 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുൻവർഷങ്ങളിലെ കടിശ്ശിക ഉൾപ്പെടെ സർക്കാർ ഗ്രാന്റായി അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ 2628 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

1090/2016.

സർക്കാർ സ്വീകരിച്ച നടപടി

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 22,00,000/- രൂപ അനുവദിച്ചു. വിഭവ ലഭ്യതയുടെ പരിമിതി മൂലം അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

ശിപാർശ

2230-01-103-78-10-01.04.1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്- സംഭാവന

വിഹിതം :25,79,000 രൂപ (പദ്ധതിയേതരം)

2014-15-ലെ പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷനും അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ 3.22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

2015 ഒക്ടോബർ വരെയുള്ള ചുരുട്ട് പെൻഷൻ കുടിശ്ശിക 26.02.2016-ലെ സ.ഉ.(സാധാ)നം.321/2016/തൊഴിൽ ഉത്തരവു പ്രകാരം നൽകിയിട്ടുണ്ട്. 2015 നവംബർ മുതൽ 2016 ഒക്ടോബർ വരെ പെൻഷൻ നൽകുന്നതിനാവശ്യമായ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ

2230-01-103-73-10-കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി- അംശദാനം-സംഭാവന

വിഹിതം :50,00,000 രൂപ (പദ്ധതിയേതരം)

2014-15-ലെ പെൻഷൻ കുടിശ്ശികയും 2015-16-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷനും വിതരണം ചെയ്യുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 290.10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

04.03.2016-ലെ സ.ഉ.(സാധാ)നം.395/2015/തൊഴിൽ നമ്പർ പ്രകാരം കുടിശ്ശിക ബീഡി പെൻഷൻ അനുവദിക്കുന്നതിനായി 96,83,000/- രൂപ അനുവദിച്ചിരുന്നു. 2016 ഒക്ടോബർ വരെയുള്ള പെൻഷൻ അനുവദിക്കുന്നതിനായി ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ

2230-01-103-72-10-കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡ്-അംശദാനം-സംഭാവന

വിഹിതം :83,79,000 രൂപ (പദ്ധതിയേതരം)

സർക്കാരിൽ നിന്ന് ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റും 2014-15-ലെ പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷനും നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16484.24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. കർഷക തൊഴിലാളി പെൻഷൻ വിതരണത്തിന് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 4,65,98,74,000/- രൂപയ്ക്ക് പുറമെ 13.01.2016-ലെ സ.ഉ.(സാധാ)നം.328/2016/ധന. പ്രകാരം 1,13,82,000/-(ഒരു കോടി പതിമൂന്ന് ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ മാത്രം) രൂപയും 04.03.2016-ലെ സ.ഉ.(സാധാ)നം.2045/2016/ധന. പ്രകാരം മുൻസിപ്പാലിറ്റിക്ക് 2,58,60,000/- രൂപയും (രണ്ട് കോടി അൻപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) കോർപ്പറേഷനുകൾക്ക് 58,000/- രൂപയും (അൻപത്തിയെണ്ണായിരം രൂപ മാത്രം) ചേർത്ത് ആകെ 3,73,00,000/- രൂപ (മൂന്ന് കോടി എഴുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ സമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-71-10-കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമനിധി ബോർഡ്-അംശദാനം-സംഭാവന

വിഹിതം :1,44,00,000 രൂപ (പദ്ധതിയേതരം)

2014-15-ലെ പെൻഷൻ കുടിശ്ശികയും 2015-16-ലെ വർദ്ധിപ്പിച്ച നിരക്കിലെ പെൻഷനും വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 557.47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

19.08.2016-ലെ സ.ഉ.(സാധാ)നം.1058/2016/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം 2016 മാർച്ച് വരെയുള്ള ക്ഷേമപെൻഷൻ കുടിശ്ശിക നൽകി കഴിഞ്ഞിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-62-10-<u>പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന</u>

വിഹിതം :1,10,00,000 രൂപ (പദ്ധതിയേതരം)

2011-12 മുതൽ 2015-16 സാമ്പത്തിക വർഷംവരെയുള്ള പദ്ധതി ചെലവുകൾക്ക് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 950 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

30.03.2016 തീയതിയിലെ സ.ഉ.(സാധാ)നം.484/2016/തൊഴിൽ പ്രകാരം ആണ് 2230-01-103-62-10-പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതമായി 1,10,00,000/- രൂപ (ഒരു കോടി പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുള്ളത്. ആയത് പൂർണ്ണമായി വിനിയോഗിച്ച ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ അധിക തുക അനുവദിക്കുന്നത് പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ അഡീഷണൽ ആതറൈസേഷൻ വഴി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2230-01-103-61-10-<u>കേരള ബാർബർ-ബ്യൂട്ടീഷൻ ക്ഷേമപദ്ധതി-സംഭാവന</u>

വിഹിതം :30,00,000 രൂപ (പദ്ധതിയേതരം)

2014-15 -ലെ പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷനും വിതരണം ചെയ്യുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 378.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ബാർബർ-ബ്യൂട്ടീഷൻസ് തൊഴിലാളി ക്ഷേമപദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 30,00,000 രൂപയ്ക്ക് പുറമെ അഡീഷണൽ ആതറൈസേഷൻ മുഖേന 23,13,000 രൂപ (36,000+22,77,000) കൂടി അനുവദിച്ചു.

ശിപാർശ

2230-01-103-59-10-കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി

ബോർഡ്-സംഭാവന

വിഹിതം :1,50,00,000 രൂപ (പദ്ധതിയേതരം)

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2014-15 വരെ സർക്കാരിൽ നിന്നും കുടിശ്ശിക ലഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 524 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം 2230-01-103-59-10(NP)-ൽ 1.5 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും, ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ക്ഷേമനിധി നിയമത്തിലെ സർക്കാർ അംശദാനം സംബന്ധിച്ച വ്യവസ്ഥകൾക്കനുസൃതമായി ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നാണ് ധനകാര്യ വകുപ്പ് ഈ വകുപ്പിനെ അറിയിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബഡ്ജറ്റിൽ 2230-01-103-59-10(NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.5 കോടി രൂപ വിനിയോഗിക്കുന്നതിന് 17.12.2015-ലെ സ.ഉ.(സാധാ)നം.1718/15/തൊഴിൽ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ക്ഷേമനിധി നിയമത്തിലെ സർക്കാർ അംശദാനം സംബന്ധിച്ച വ്യവസ്ഥകൾക്കനുസൃതമായി അധിക വിഹിതം അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരങ്ങൾ സമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-57-10-കേരള ആഭരണ തൊഴിലാളി ക്ഷേമനിധി-സംഭാവന

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

കേരള ജ്യുവലറി വർക്കേഴ്സ് വെൽഫയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 5% ഷെയർ ആയി ബോർഡിന് നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 5.43 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ 30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) രൂപ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് തൊഴിലാളി വിഹിതമായി ലഭിക്കുമെന്നും ആയതിന്റെ സർക്കാർ അംശാദായമായ 1,50,000/- രൂപ മാത്രം 2230-01-103-57-10 ശീർഷകത്തിൽ ആവശ്യമായി വരികയുള്ളതിനാൽ ടി സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 1,000/- രൂപ കിഴിച്ച് ബാക്കി തുകയായ 1,49,000/-(ഒരു ലക്ഷത്തി നാല്പത്തി ഒൻപതിനായിരം രൂപ മാത്രം) രൂപ മാത്രം വകയിരുത്തി നൽകണമെന്നാണ് ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നത്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിനായി 2016-17 സാമ്പത്തിക വർഷം 1,40,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2230-01-103-51-സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം :1,00,00,000 രൂപ (പദ്ധതിയേതരം)

2014-15-ലെ പെൻഷൻ കടിശ്ശിക 2015-16-ലെ പെൻഷൻ എന്നിവ അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1166.67 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടിയായ കേരള അസംഘടിത റിട്ടയേർഡ് തൊഴിലാളി പെൻഷൻ പദ്ധതിയ്ക്ക് ബഡ്ജറ്റ് വിഹിതമായ 1,00,00,000 (ഒരു കോടി) രൂപയ്ക്ക് പുറമെ അഡീഷണൽ ഓതറൈസേഷൻ മുഖേന 1,57,23,000 (ഒരു കോടി അൻപത്തി ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരം) രൂപ കൂടി 2015-16 സാമ്പത്തിക വർഷം അനുവദിച്ചു.

ശിപാർശ

2230-01-103-50-10-കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി-സംഭാവന

വിഹിതം :13,00,000 രൂപ (പദ്ധതിയേതരം)

2014-15 സാമ്പത്തിക വർഷത്തെ പെൻഷൻ കടിശ്ശിക 2015-16-ലെ പെൻഷൻ, സർക്കാർ നൽകുവാനുള്ള അംശദാന കടിശ്ശിക എന്നിവ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 74.87 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 13,00,000 രൂപയ്ക്ക് പുറമെ അഡീഷണൽ ആതറൈസേഷൻ മുഖേന 2015-16 സാമ്പത്തിക വർഷം 8,34,000/-(എട്ട് ലക്ഷത്തി മുപ്പത്തി നാലായിരം) രൂപ കൂടി അനുവദിച്ചു.

ശിപാർശ

2230-01-103-35-10-കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ)ക്ഷേമ പദ്ധതി-സംഭാവന

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

2014-15-ലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1056 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

കേരള ചുമട്ടുതൊഴിലാളി (scattered) ക്ഷേമപദ്ധതിയുടെ ആക്റ്റിൽ സർക്കാർ അംശാദായം നൽകണമെന്ന് വ്യവസ്ഥ ചെയ്യാത്തതിനാലും ബോർഡിന് സർക്കാർ വിഹിതം അനുവദിക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളത്.

മേൽവിവരം സമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-32-കേരളത്തിലെ വിലവിവര സൂചിക നിർണ്ണയം

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

2014-15-ലെ കുടിശ്ശിക അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.23 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

21.01.2015 വരെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നൽകിയ കുടുംബ ബഡ്ജറ്റ് സർവ്വേ വിഭാഗത്തിന്റെ പ്രവർത്തനത്തിനായി 2014-15 സാമ്പത്തിക വർഷം 2230-01-103-32(NP) ശീർഷകത്തിൽ ആകെ 10.48 ലക്ഷം രൂപയ്ക്ക് അധിക തുകയ്ക്കുള്ള അനുമതി അനുവദിക്കുകയും (GO(Rt)No.5217/2014/Fin dated 04.07.2014, GO(Rt)No.8527/2014/Fin dated 12.11.2014 and GO(Rt)No.3242/2015/Fin. Dated 31.03.2015) സാമ്പത്തിക വർഷാവസാനം

വകുപ്പ് മേലധികാരിയുടെ ശിപാർശ പ്രകാരം ഇതിൽ ചെലവായ തുകയായ 5.45 ലക്ഷം രൂപ 31.03.2015-ലെ G.O.(Rt)No.3574/2015/ധന. ഉത്തരവ് മുഖേന ക്രമീകരിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

ശിപാർശ

2230-01-103-20-കേരള ചുമട്ടുതൊഴിലാളി(അൺ അറ്റാച്ച്ഡ് വിഭാഗം) ക്ഷേമ

പദ്ധതി

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

2014-15-ലെ പെൻഷൻ കുടിശ്ശികയും, 2015-16-ലെ പെൻഷനും അനുവദിക്കുന്നതിലേയ്ക്കായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 9.19 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

കേരള ചുമട്ടുതൊഴിലാളി അറ്റാച്ച്ഡ്, അൺ അറ്റാച്ച്ഡ് ക്ഷേമ പദ്ധതികളുടെ ആക്ടിൽ സർക്കാർ ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്യാത്തതിനാൽ ശിപാർശ അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്നാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. മേൽ വിവരം സമിതി മുമ്പാകെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-02-001-99-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം:49,64,69,000 രൂപ (പദ്ധതിയേതരം)

04-1-യാത്രാചെലവുകൾ - യാത്രാബത്ത

വിഹിതം:7,00,000 രൂപ (പദ്ധതിയേതരം)

2014-15 സാമ്പത്തിക വർഷത്തെ യാത്രാബത്ത ഉൾപ്പെടെ നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 2,00,000/- രൂപ അനുവദിക്കുകയും ടി തുക ഉൾപ്പെടെ ചെലവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. വിഭവ പരിമിതി മൂലം മുഴുവൻ തുകയും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല..

<u>ശിപാർശ</u>

-04-4-<u>യാത്രാചെലവുകൾ - അവധി യാത്രാനുകൂല്യം</u>

വിഹിതം : 2,00,000 രൂപ (പദ്ധതിയേതരം)

15 വർഷം സർവ്വീസ് പൂർത്തീകരിച്ച 300-ഓളം ജീവനക്കാർ ഈ വകപ്പിൽ സേവനമനുഷ്ഠിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കു പുറമെ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അവധിയാത്രാനുകൂല്യത്തിനായി അപേക്ഷിച്ചവരുടെ എണ്ണം കുറവായിരുന്നതിനാൽ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയിൽ നിന്നും 53374/- രൂപ സറണ്ടർ ചെയ്തിരുന്നു. ആയതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

<u>ശിപാർശ</u>

-05-2-<u>ഓഫീസ് ചെലവുകൾ-വൈദ്യുത ചെലവ്</u>

വിഹിതം :22,80,000 രൂപ (പദ്ധതിയേതരം)

വൈദ്യുതി ചാർജ്ജ് നിരക്കിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം പര്യാപ്തമായിരുന്നു. അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

<u>ശിപാർശ</u>

<u>05-3-ടെലിഫോൺ ചെലവ്</u>

വിഹിതം :8,40,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഇന്റർനെറ്റ്, ടെലിഫോൺ ചെലവ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം പര്യാപ്തമായിരുന്നു. അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശിപാർശ

05-4-മറ്റിനങ്ങൾ

വിഹിതം : 35,20,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പര്യാപ്തമായിരുന്നു. അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശിപാർശ

-06-വാടക, കരം, നികുതി

വിഹിതം : 68,00,000 രൂപ (പദ്ധതിയേതരം)

എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള 50% കെട്ടിടങ്ങൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട വാടക പുതുക്കി നിശ്ചയിക്കുമ്പോൾ ഉണ്ടാകാവുന്ന കുടിശ്ശിക, ഇതുവരെ വാടക നിശ്ചയിക്കാതെ റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക എന്നിവ കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പര്യാപ്തമായിരുന്നു. അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശിപാർശ

-26-ഔദ്യോഗിക ഭാഷാപ്രയോഗം

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

2015 നവംബർ മാസം മലയാളഭാഷ വാരാഘോഷം നടത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്കു പുറമെ 60,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷനായി 30,000 രൂപ അനുവദിച്ചിരുന്നു. വിഭവപരിമിതി മൂലം മുഴുവൻ തുകയും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

-97-വാഹനങ്ങളുടെ വാടക

വിഹിതം :1,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 2.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷനായി 1,00,000 രൂപ അനുവദിച്ചിരുന്നു. 39,218 രൂപ ചെലവഴിക്കുകയും ബാക്കി തുക സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

-99-വിവരസാങ്കേതികവിദ്യ

വിഹിതം:7,00,000 രൂപ (പദ്ധതിയേതരം)

കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർശകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പര്യാപ്തമായിരുന്നു. അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശിപാർശ

2230-02-101-97-വികലാംഗർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

വിഹിതം : 35,08,000 രൂപ (പദ്ധതിയേതരം)

-04-1-യാത്രാചെലവുകൾ-യാത്രാബത്ത

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 10,000/- രൂപ അനുവദിച്ചിരുന്നു.

ശിപാർശ

04-2-യാത്രാചെലവുകൾ - സ്ഥലംമാറ്റബത്ത

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു. അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശിപാർശ

-05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

വിഹിതം : 20,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു. അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശിപാർശ

2230-02-101-96-അംഗവൈകല്യം ബാധിച്ചിട്ടുള്ളവർക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സ്പെഷ്യൽ സെൽ

വിഹിതം : 67,15,000 രൂപ (പദ്ധതിയേതരം)

04-1-യാത്രാചെലവുകൾ - യാത്രാബത്ത

വിഹിതം : 10,000 രൂപ (പദ്ധതിയേതരം)

2015-16 സാമ്പത്തിക വർഷം ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 20,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

-04-2-യാത്രാചെലവുകൾ-സ്ഥലംമാറ്റബത്ത

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു. അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശിപാർശ

2230-03-001-99-ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 5,82,55,000 രൂപ (പദ്ധതിയേതരം)

യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റു ചെലവുകൾ എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8.08 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 5,82,55,000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 88,27,929 രൂപയാണ് ചെലവായിട്ടുള്ളത്. ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവാകുന്ന മുറക്ക് സമിതി ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2230-03-001-98-സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 22,16,000 രൂപ (പദ്ധതിയേതരം)

2014-15 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരമുള്ള ചെലവ് ബഡ്ജറ്റ് വിഹിതത്തിനേക്കാൾ അധികരിച്ചതിനാലും നിലവിൽ വകയിരുത്തിയ തുക

അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 1.06 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 22,16,000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 3,32,312 രൂപയാണ് ചെലവായിട്ടുള്ളത്. 05-ആഫീസ് ചെലവുകൾ-3-ടെലഫോൺ ചാർജ്ജ് ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ഇനത്തിൽ 40,000 രൂപ കൂടി അഡീഷണൽ അതറൈസേഷൻ അനുവദിക്കുന്നതിനായി ശിപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 15.07.2015 തീയതിയിലെ 6553/2015/ഫിൻ നമ്പർ സർക്കാർ ഉത്തരവു പ്രകാരം 20000/- രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു.

<u>ശിപാർശ</u>

2230-03-003-98-<u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

വിഹിതം : 47,24,000 രൂപ (പദ്ധതിയേതരം)

മുൻ വർഷത്തെ കണക്കുപ്രകാരം ചെലവ് ബഡ്ജറ്റ് വിഹിതത്തിനേക്കാൾ അധികരിച്ചതിനാൽ നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 35,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 47,24,000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 7,89,538 രൂപയാണ് ചെലവായിട്ടുള്ളത്. ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവാകുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2230-03-003-97-കേരളാ ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം

വിഹിതം : 89,53,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്കു പുറമെ 9.46 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 89,53,000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 17,20,013 രൂപയാണ് ചെലവായിട്ടുള്ളത്. ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവാകുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2230-03-101-99-വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 1,23,32,27,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2379.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 123,32,27,000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 20,39,30,903 രൂപയാണ് ചെലവായിട്ടുള്ളത്.

വകുപ്പിൻ കീഴിലുള്ള ഐ.ടി.ഐകളിൽ പരീക്ഷകൾ നടത്തുന്നതിനായി തുക അധികമായി അനുവദിക്കുന്നതിനായി സമിതി ശിപാർശ ചെയ്യതിന്റെ അടിസ്ഥാനത്തിൽ ടി ഇനത്തിൽ അഡീഷണൽ ആതറൈസേഷൻ അനുവദിക്കുന്നതിനായി ശിപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 15.7.2015 തീയതിയിലെ ജി.ഒ (ആർടി) നം. 6553/2015/ഫിൻ. നമ്പർ ഉത്തരവ്

പ്രകാരം 70,00,000/- രൂപ കൂടി അഡീഷണൽ ആതറൈസേഷൻ അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച തുക മുഴുവൻ ചെലവാകുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2230-03-101-96-വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

വിഹിതം : 2,41,37,000 രൂപ (പദ്ധതിയേതരം)

2014-15 വർഷത്തെ കണക്കുപ്രകാരം ഉപശീർഷകങ്ങളിൽ ചെലവ് ബജറ്റ് വിഹിതത്തിനേക്കാളും അധികരിച്ചതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 81.8 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 2,41,37,000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 42,76,511 രൂപയാണ് ചെലവായിട്ടുള്ളത്. അനുവദിച്ച തുക മുഴുവൻ ചെലവാകുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2230-03-101-83- ഐ.ടി.ഐ കൾ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്ര സഹായം)

വിഹിതം : 14,84,00,000 രൂപ (പദ്ധതി)

2015-16 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 10 കോടി രൂപയുടെ ചെലവ് മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂ. ആയതിനാൽ ബാക്കി തുകയായ 4.3762 കോടി രൂപ ബജറ്റ് വിഹിതത്തിൽ കുറവ് ചെയ്യുന്നതിനുള്ള നടപടികൾക്ക് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി

വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ കാലാവധി 30.09.2016 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചിട്ടുള്ളതിനാൽ സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 4.3762 കോടി രൂപ ബഡ്ജറ്റിൽ നിന്നും കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ശിപാർശ

2230-03-101-76- വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 74,95,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 34.97 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 74,95000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 9,47,987 രൂപയാണ് ചെലവായിട്ടുള്ളത്. അനുവദിച്ച തുക മുഴുവൻ ചെലവാകുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2230-03-101-74- വനിതാ ഐ.ടി.ഐ കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ലഘൂകരിക്കൽ

വിഹിതം : 1,71,07,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 40.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 1,71,07,000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 24,76,651 രൂപയാണ് ചെലവായിട്ടുള്ളത്. അനുവദിച്ച തുക മുഴുവൻ ചെലവാകുന്ന മുറയ്ക്ക് സമിതി

ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2230-03-102-99- ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 3,69,25,000 രൂപ (പദ്ധതിയേതരം)

2014-15 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം ചെലവ് ബജറ്റ് വിഹിതത്തിനേക്കാളും അധികരിച്ചതിനാൽ ഈ ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 23.04 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 3,69,25,000 രൂപയാണ്. ഇതിൽ 2015 മെയ് മാസം വരെ 63,69,029 രൂപയാണ് ചെലവായിട്ടുള്ളത്. അനുവദിച്ച തുക മുഴുവൻ ചെലവാകുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

പുതിയ പദ്ധതികൾ

നാല് ഐ.ടി.ഐ കളുടെ നിലവാരം ഉയർത്തൽ

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള നാല് ഐ.ടി.ഐ കളായ ആര്യനാട്, കൽപ്പറ്റ, കൊയിലാണ്ടി, കുഴൽമന്ദം എന്നീ ഐ.ടി.ഐ കളിൽ കൂടുതൽ ട്രേഡുകൾ ഉൾപ്പെടുത്തി ഒന്നാം നിര ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്ക് യന്ത്രസാമഗ്രികളുടെ സംഭരണം, നിർമ്മാണപ്രവർത്തനം എന്നിവയ്ക്കായി 2015-16 സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത ആവശ്യത്തിലേയ്ക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള 4 (നാല്) ഐ.ടി.ഐ കളായ ആര്യനാട്, കൽപ്പറ്റ, കൊയിലാണ്ടി, കുഴൽമന്ദം എന്നീ ഐ.ടി.ഐ കളിൽ കൂടുതൽ ട്രേഡുകൾ ഉൾപ്പെടുത്തി ഒന്നാം നിര ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിരുന്നു. അപ്ഗ്രേഡേഷന്റെ ഭാഗമായി ഒന്നാം നിര ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒരുക്കേണ്ടതുണ്ട്. എൻ.സി.വി.ടി നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി ബന്ധപ്പെട്ട ഐ.ടി.ഐ കളിൽ നിന്ന് ശിപാർശ വാങ്ങി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിക്കുന്നു. ട്രെയിനിംഗ് ഡയറക്ടറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

<u>പുതിയ ഐ.ടി.ഐ കൾ സ്ഥാപിക്കൽ</u>

സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ ഐ.ടി.ഐകൾ ഇല്ലാത്തതും, ഐ.ടി.ഐ തുടങ്ങുന്നതിനാവശ്യമായ സ്ഥലം വകുപ്പിന് സൗജന്യമായി ലഭ്യമാക്കി നൽകുന്നതുമായ 5 ബ്ലോക്ക് പഞ്ചായത്തുകളിൽ 5 സർക്കാർ ഐ.ടി.ഐ കൾ 2015-16 വർഷം ആരംഭിക്കുന്നതിലേക്ക് യന്ത്രസാമഗ്രികളുടെ സംഭരണം, അടിസ്ഥാനസൗകര്യവികസനം, കെട്ടിടം, വർക്ക് ഷോപ്പ് നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി തുക ആവശ്യപ്പെട്ടിരുന്നെങ്കിലും 2015-16 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 350 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൊല്ലം ജില്ലയിലെ ചടയമംഗലം, വയനാട് ജില്ലയിലെ പനമരം, കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, നരിപറ്റ, പാലക്കാട് ജില്ലയിലെ എലപ്പുള്ളി എന്നിവിടങ്ങളിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ആയവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ഐ.ടി.ഐ കൾ പ്രവർത്തനം

ആരംഭിക്കുന്ന മുറയ്ക്ക് സമിതി ശിപാർശ ചെയ്തതിൻ പ്രകാരമുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതാണെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

<u>പ്രതീക്ഷ</u>

സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്കായി അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ നൈപുണ്യം പകർന്ന് നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിന് ലക്ഷ്യം വച്ച് ചാക്ക, കളമശ്ശേരി, കാസർഗോഡ് ഐ.ടി.ഐ. യിൽ ഓരോ യൂണിറ്റ് വീതം സ്പെഷ്യൽ ബാച്ചുകൾ ആരംഭിക്കുന്നതിനായി 60 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 2015-16 സാമ്പത്തികവർഷം 60 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ സാമ്പത്തിക വർഷത്തിൽ മറ്റ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാൽ സമിതി ശിപാർശ ചെയ്ത ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ചിട്ടില്ല എന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-800-94-<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്</u>

36-<u>സഹായധനം-ശമ്പളേതരം</u>

വിഹിതം: 2,80,00,000 രൂപ (പദ്ധതി)

കിലെയെ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്തി അക്കാദമിക് കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോടു കൂടിയ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായിതനാൽ 11000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>നടപടി റിപ്പോർട്ട്</u>

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആന്റ് മാനേജ്മെന്റ് (ILSM) സ്ഥാപിക്കുന്നതിലേക്ക് പ്രാഥമിക നടപടി എന്ന നിലയിൽ തിരുവനന്തപുരം, നെടുമങ്ങാട് താലൂക്കുകളിൽ ചില സ്ഥലങ്ങൾ കുറഞ്ഞ പാട്ടക്കരാർ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിൽ അപേക്ഷ നൽകിയിട്ടുള്ളതും ആയതിന്റെ നടപടിക്രമം പുരോഗമിച്ചുവരുന്നതായും കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിനിടെ കിലെയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തുകയും കിലെയുടെ പ്രവർത്തനം സംബന്ധിച്ച ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന വിവരം സമിതിയെ അറിയിക്കുന്നു.

<u>ശിപാർശ</u>

36-<u>ശമ്പളേതരം</u>

വിഹിതം:19,96,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും ഒഴിച്ചുകൂടാനാകാത്ത ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15.358 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം കിലെയ്ക്ക് നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 19.96 ലക്ഷം രൂപ 3 ഗഡുക്കളായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ അവസാന ഗഡുവായ 5.96 ലക്ഷം രൂപ 31.3.2016-ലെ ഉത്തരവ് പ്രകാരമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം മാത്രമെ അധിക തുകയ്ക്കുള്ള ശിപാർശ പരിശോധിക്കുവാൻ സാദ്ധ്യമായിരുന്നുള്ളൂ. സാമ്പത്തിക വർഷം അവസാനിച്ച

സാഹചര്യത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ പരിഗണിക്കുവാൻ സാധിച്ചിരുന്നില്ലെന്ന വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

42500-00-800-99 - നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്

വിഹിതം : 141,00,00,000 രൂപ (പദ്ധതി)

2011-12-ൽ എം.എൽ.എ ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയായി വർദ്ധിപ്പിച്ചെങ്കിലും ആ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ വർദ്ധിപ്പിച്ച വിഹിതം റിലീസ് ചെയ്തിരുന്നില്ല. ഈ തുക 2012-13-ലെ വിഹിതത്തിൽ നിന്നാണ് അനുവദിച്ചത്. ആയതിനാൽ 2012-13-ലെ വിഹിതമായ 141 കോടിയിൽ 35.25 കോടിയുടെ കുറവുണ്ടായി. ആയത് 2013-14-ലെ വിഹിതമായ 141 കോടിയിൽ നിന്ന് കുടിശ്ശികയായ 35.25 കോടി രൂപ അനുവദിക്കുകയുണ്ടായി. 2014-15-ലെ വിഹിതമായ 141 കോടിയും അഡീഷണൽ അലോക്കേഷനായി 9.3 കോടിയും ചേർത്ത് ആകെ 150.30 കോടി രൂപ 2014-15ൽ വകയിരുത്തിയിരുന്നു. ആയതിൽനിന്നും മുൻവർഷത്തെ കുടിശ്ശിക 35.25 കോടി രൂപയും വയനാട് ജില്ലയ്ക്ക് മുൻവർഷങ്ങളിലെ കുടിശ്ശികയായി അനുവദിക്കാനുണ്ടായിരുന്ന 2.25 കോടി രൂപയും അനുവദിക്കുകയുണ്ടായി. 2014-15-ൽ റിലീസ് ചെയ്യാൻ ബാക്കിയുള്ള 2820 ലക്ഷം രൂപ 2015-16 വർഷം ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സർക്കാർ സ്വീകരിച്ച നടപടി

2015-16 വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 141 കോടി രൂപ തീരുന്നമുറയ്ക്ക് ആവശ്യമെങ്കിൽ അധികമായി 2820 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

2801-80-101-99-33 - വിദ്യുച്ഛക്തി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം - സബ്സിഡികൾ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള സബ്സിഡിയായി 2014-15-ലെ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപ ബോർഡിന് ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തികവർഷത്തിൽ 2015 ജനുവരി മുതൽ മാർച്ച് വരെയുള്ള സബ്സിഡി 9600 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചു നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-ലെ നിരക്കവർദ്ധനവിൽ നിന്നും പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽനിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനായി 2015 മാർച്ച് മാസം വരെ ലഭിക്കേണ്ട തുകയിൽ 225 കോടി രൂപ ബഡ്ജറ്റ് വിഹിതം വഴി അനുവദിച്ചു. ബാക്കി തുക കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുകയുണ്ടായി.

<u>ശിപാർശ</u>

<u>ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർചാർജ്ജിൽനിന്നും ഒഴിവാക്കിയതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക ബാധ്യത നികത്തുന്നതിലേയ്ക്കായി അനുവദിച്ച സബ്സിഡി</u>

പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയതുമൂലമുണ്ടായ നഷ്ടം നികത്തുന്നതിനായി 20.06.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച പ്രതിവർഷം 40 ലക്ഷം രൂപയിൽ 2012-13, 2013-14, 2014-15 വർഷങ്ങളിലായി ബോർഡിന് ലഭിക്കാനുള്ള 1.2 കോടി രൂപ ബാധ്യതകൾ തട്ടിക്കിഴിക്കുന്നതിനുള്ള നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ

ഈയിനത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 40 ലക്ഷം രൂപ ഇതിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

20 യൂണിറ്റ് വരെ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്തുന്നതിനായി 2012-13 മുതൽ 2015-16 വരെയുള്ള 1.60 കോടി രൂപ 27.01.2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 14/16/ഊ.വ പ്രകാരം ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2801-80-101-91- <u>നവീകരണ നിധി (ഊർജ്ജസമ്പാദ്യ ഏകോപന സമിതി)</u>

വിഹിതം : 7,00,00000 രൂപ (പദ്ധതി)

വൈദ്യുതിയുടെ ഉല്പാദന, വിതരണ മേഖലകളുടെ ചെലവ് പുതുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും ലക്ഷ്യമിട്ട് കളമശ്ശേരിയിലെ Start up village-ൽ കെ.എസ്.ഇ.ബി ആരംഭിച്ച EOIZ-ന് സാമ്പത്തിക സഹായം നൽകുന്നതിനായി നവീകരണ നിധിയിൽനിന്ന് 132.5 ലക്ഷം രൂപയും കെ.എസ്.ഇ.ബി യുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളുടെയും ജലാശയങ്ങളുടെയും ജലപ്പരപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി നവീകരണനിധിയിൽ നിന്നും 700 ലക്ഷം രൂപയും ഊർജ്ജ സമ്പാദ്യ ഏകോപന സമിതിയുടെ വിവിധ ജോലികൾക്കായി 250 ലക്ഷം രൂപയും ഉൾപ്പെടെ 1082.5 ലക്ഷം രൂപ 2015-16 വർഷം ഈ ശീർഷകത്തിൽ ചെലവ് പ്രതീക്ഷിക്കുന്നുവെങ്കിലും 700 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ കണക്കിനത്തിൽ 382.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നവീകരണ നിധി ഊർജ്ജ സമ്പാദ്യ ഏകോപന നിധി (Innovation fund & ESCOT) ഇനത്തിൽ 2015-16 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റിൽ 7 കോടി

രൂപയും അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം 2.60 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷത്തിൽ ഈയിനത്തിൽ ആകെ 4 കോടി രൂപ കെ.എസ്.ഇ.ബി ലിമിറ്റഡിന് ലഭ്യമാക്കിയിട്ടുണ്ട്. 2.60 കോടി രൂപ E-LAMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ</u>

2801-80-101-90- രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി <u>(സംസ്ഥാന വിഹിതം)</u>

വിഹിതം : 10,00,00000 രൂപ (പദ്ധതി)

എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2005-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന. പദ്ധതിത്തുകയുടെ 90 ശതമാനം മൂലധന സബ്സിഡിയായും ബി.പി.എൽ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള മുഴുവൻ തുക ഗ്രാന്റായും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. പദ്ധതിത്തുകയുടെ 10 ശതമാനം സംസ്ഥാന സർക്കാരാണ് നൽകേണ്ടത്. പദ്ധതിയുടെ ആകെ തുകയായ 224.3565 കോടി രൂപയുടെ 10 ശതമാനമായ 22.436 കോടി രൂപയുടെ സംസ്ഥാന വിഹിതത്തിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയിൽ 2014-15 -ൽ അനുവദിച്ച 10 കോടി രൂപയ്ക്കുപുറമെ 2015-16 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ 243.6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 2015-16-ൽ അനുവദിച്ച 10 കോടി രൂപ E-LAMS-ൽ ഉൾപ്പെടുത്തിയിരുന്നു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ഇതിനായി Alternation Memorandum മുഖേന 1000 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. അതിനാൽ അഡീഷണൽ ആതറൈസേഷൻ വഴി ടി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കായി വിഷയനിർണ്ണയ സമിതി

ശിപാർശ ചെയ്തതുപോലെ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

പ്രകൃതിവാതകം, പെറ്റ്കോക്ക്, കൽക്കരി എന്നിവയിലധിഷ്ഠിതമായ വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഊർജ്ജക്ഷാമം പരിഹരിക്കുന്നതിനായി ബ്രഹ്മപുരത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത പദ്ധതി, കൊച്ചി റിഫൈനറിയിൽനിന്നുള്ള ഉപോൽപ്പന്നമായ പെറ്റ്കോക്ക് ഉപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന 500 മെഗാവാട്ടിന്റെ വൈദ്യുതപദ്ധതി, കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കൽക്കരി അധിഷ്ഠിത മെഗാവൈദ്യുത പദ്ധതി എന്നിവയ്ക്കുള്ള ധനസഹായമായി 2015-16 സാമ്പത്തികവർഷം 10000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഊർജ്ജ ക്ഷാമം പരിഹരിക്കുന്നതിനായി ബ്രഹ്മപുരത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിതപദ്ധതി കൊച്ചി റിഫൈനറിയിൽ നിന്നുള്ള ഉപോൽപ്പന്നമായ പെറ്റ്കോക്ക് ഉപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന 500 മെഗാവാട്ടിന്റെ വൈദ്യുത പദ്ധതി കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കൽക്കരി അധിഷ്ഠിത മെഗാ വൈദ്യുത പദ്ധതി എന്നിവയ്ക്കുള്ള ധനസഹായമായി 2015-16 സാമ്പത്തികവർഷം 10000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള സാമ്പത്തികസഹായം

വർദ്ധിച്ചുവരുന്ന വൈദ്യുതാവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി തടസ്സമില്ലാതെ കൊണ്ടുപോകുന്നതിനും പ്രസരണമേഖല ശക്തിപ്പെടുത്തേണ്ടത്

അത്യാവശ്യമാണ്. നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ സ്ഥലത്തിന്റെ ലഭ്യതക്കുറവും ലൈനുകൾ വലിക്കുന്നതിനായി സ്ഥലം വിട്ടുനൽകുന്നതിനോടുള്ള ജനങ്ങളുടെ എതിർപ്പും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് വലിയ തടസ്സം സൃഷ്ടിക്കുന്നുണ്ട്. സ്ഥലമുടമകൾക്ക് സ്വീകാര്യമായ നൂതന പുനരധിവാസ നഷ്ടപരിഹാര പാക്കേജുകൾ ഇതിലേയ്ക്കായി നടപ്പിലാക്കേണ്ടതുണ്ട്. ആയത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ കെ.എസ്.ഇ.ബി ക്ക് മാത്രമായി ഇത് നേരിടാനാവില്ലെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ സർക്കാർ ബഡ്ജറ്റിൽ പദ്ധതി വിഹിതം അനുവദിക്കുമ്പോൾ ഇക്കാര്യം കണക്കിലെടുക്കേണ്ടതാണെന്ന് പ്ലാനിംഗ് ബോർഡ് ശിപാർശ ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രാഥമിക നടപടിയെന്ന നിലയിൽ കെ.എസ്.ഇ.ബി ആവശ്യപ്പെട്ട 5000 ലക്ഷം രൂപ 2015-16 വർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

<u>സ്വീകരിച്ച നടപടി</u>

പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി നൂതന പുനരധിവാസ നഷ്ടപരിഹാര പാക്കേജുകൾ നടപ്പിലാക്കുന്നതിനുള്ള അധിക സാമ്പത്തിക ബാധ്യത നേരിടുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആവശ്യപ്പെട്ട 5000 ലക്ഷം രൂപ 2015-16 വർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

<u>ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള സാമ്പത്തിക സഹായം</u>

2014-ൽ നിലവിൽവന്ന KSERC-യുടെ പുതിയ സപ്ലൈ കോഡ് പ്രകാരം, എല്ലാ പുതിയ വൈദ്യുതി കണക്ഷനുകളും ഉപഭോക്താവിൽ നിന്നും ചാർജ്ജ് വാങ്ങി മാത്രമേ യൂട്ടിലിറ്റി നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും

ഏതെങ്കിലും വിഭാഗത്തിന് സൗജന്യ കണക്ഷൻ നൽകാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനാവശ്യമായ തുക മുൻകൂറായി സർക്കാർ യൂട്ടിലിറ്റിക്ക് നൽകണമെന്നും സപ്ലൈകോഡിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും 2015-16 സാമ്പത്തിക വർഷത്തിൽ ബി.പി.എൽ കുടുംബങ്ങൾക്കും മറ്റും സൗജന്യമായി നൽകാനുദ്ദേശിക്കുന്ന ഒരു ലക്ഷം വൈദ്യുതി കണക്ഷനുകൾക്കുള്ള തുകയായ 200 ലക്ഷം രൂപ ബജറ്റ് സഹായമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ദരിദ്ര കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിന് സാമ്പത്തിക സഹായമായി 2015-16 വർഷം 200 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും തുക വകയിരുത്തിയിട്ടില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 01.04.2014 മുതൽ 29.02.2016 വരെയുള്ള കാലയളവിൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകിയ 4386 വൈദ്യുതി കണക്ഷനുകൾക്ക് ചെലവായ 1,27,70,349 രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നേരിട്ട് നൽകുന്നതിന് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്താൻ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ 01.04.2014 മുതൽ 29.02.2016 വരെയുള്ള കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് 2777 വൈദ്യുതി കണക്ഷനുകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 491 കണക്ഷനുകളും സൗജന്യമായി നൽകിയ വകയിൽ യഥാക്രമം 85,86,747/-, 11,55,350 രൂപ വീതം അനുവദിക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ കാര്യാലയത്തിലേക്ക് പ്രസ്തുത വിവരങ്ങൾ സംബന്ധിച്ച് 13.06.2016-ൽ തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പ്രത്യേകം കത്തുകൾ അയച്ചിരുന്നു. 18.07.2016-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് വിളിച്ച് ചേർത്ത State Level Working Group മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നു. പട്ടികജാതി

വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷനുകൾ സംബന്ധിച്ച് പട്ടികജാതി വികസന ഡയറക്ടറുടെ കാര്യാലയത്തിൽനിന്ന് ചില സ്പഷ്ടീകരണം ആവശ്യപ്പെട്ടുകയും ആയത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നൽകുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

**നിയമസഭാ സാമാജികർക്ക് അവരുടെ മണ്ഡലത്തിലെ വൈദ്യുതി വികസനത്തിനുള്ള LAPDS പദ്ധതിക്കുള്ള സാമ്പത്തികസഹായം**

നിയമസഭാ സാമാജികർക്ക് അവരുടെ മണ്ഡലത്തിലെ ഊർജ്ജ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ ലോക്കൽ ഏരിയ പവർ ഡവലപ്പ്മെന്റ് സ്കീം (LAPDS) നടപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി, സ്ഥലം എം.എൽ.എ, നിയോജകമണ്ഡലത്തിലുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ വിഹിതം ഉൾപ്പെടുത്തി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാനും എം.എൽ.എ അദ്ധ്യക്ഷനായ സബ് ഡിവിഷൻ തലത്തിലുള്ള സമിതി നിർദ്ദേശിക്കുന്ന ക്യാപിറ്റൽ/മെയിന്റനൻസ് ജോലികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നതായും പദ്ധതി സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു.പ്രസ്തുത പദ്ധതിക്കായി കെ.എസ്.ഇ.ബി യുടെ വിഹിതമായ 1400 ലക്ഷം രൂപ (140 മണ്ഡലങ്ങളിലായി 10 ലക്ഷം രൂപ വീതം) ബഡ്ജറ്റ് വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 100)

## സ്വീകരിച്ച നടപടി

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ (LAC-ADS) ഇനത്തിൽ 2015-16-ലെ ബഡ്ജറ്റിൽ 2.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ അനുമതി നൽകിയ പദ്ധതികളുടെയും, ഫണ്ട് റിലീസ് ചെയ്ത ഉത്തരവുകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | അനുമതി നൽകിയ അടങ്കൽ തുക(രൂപ) | ഫണ്ട് റിലീസിനുള്ള ഉത്തരവ് തീയതിയും തുകയും |
|---|---|---|
| പാലക്കാട് നിയമസഭാ മണ്ഡലം | 68,07,000 | 03.12.2015 തുക 13,61,000 രൂപ |

| | | |
|---|---|---|
| പുതുക്കാട് നിയമസഭാ മണ്ഡലം | 49,36,194 | 05.12.2015 തുക 9,87,239 രൂപ |
| കളമശ്ശേരി നിയമസഭാ മണ്ഡലം | 2,03,50,000 | 20.01.2016 തുക 2,03,50,000 രൂപ |
| കൊച്ചി നിയമസഭാ മണ്ഡലം | 80,00,000 | - |
| ആകെ തുക | 4,00,93,194 | 2,26,98,239 |

2015-16 അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം 1.5887 കോടി രൂപ ടി ഇനത്തിൽ അനുവദിച്ചെങ്കിലും പ്രസ്തുത തുക പൂർണ്ണമായി നാളിതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

2810-00-800-99 ഗ്രാമീണ സാങ്കേതികവിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും

(അനെർട്ട്) ധനസഹായം

വിഹിതം : 2,71,21,000 രൂപ (പദ്ധതിയേതരം)

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക പ്രസ്തുത ചെലവുകൾക്ക് അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലായതോടുകൂടി മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള തുക നിർത്തലാക്കിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 314.19 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 101)

സർക്കാർ സ്വീകരിച്ച നടപടി

അനെർട്ടിന് 2014-15 സാമ്പത്തികവർഷം 314.19 ലക്ഷം രൂപ സപ്ലിമെന്ററി ഗ്രാന്റായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയെങ്കിലും പ്രസ്തുത പ്രൊപ്പോസൽ എസ്.ഡി.ജി യുടെ പരിധിയിൽ വരാത്തതിനാൽ പരിഗണിക്കുകയുണ്ടായില്ല. നടപ്പു സാമ്പത്തികവർഷം 298.33

ലക്ഷം രൂപ പദ്ധതിയേതര വിഹിതത്തിൽ അനെർട്ടിന് അനുവദിച്ചിട്ടുണ്ട്. ആയത് പര്യാപ്തമല്ലാത്തതിനാൽ 353.78 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്ന് വിഷയ നിർണ്ണയ സമിതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഊർജ്ജ വകുപ്പ്

2810-00-800-93- എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 7,18,00,000 രൂപ (പദ്ധതി)

: 65,94,000 രൂപ (പദ്ധതിയേതരം)

(01) -സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ - 36- സഹായധനം-ശമ്പളേതരം

വിഹിതം : 25,00,000 രൂപ (പദ്ധതി)

സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് നൽകുന്നതിനും അവാർഡിനർഹമായ പദ്ധതികളുടെ വിശദവിവരം പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനും, സംസ്ഥാന ജേതാക്കൾക്ക് ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ജേതാക്കളുടെ വ്യവസായങ്ങൾ/ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും നിലവിലുള്ള ബജറ്റ് വിഹിതത്തിനു പുറമെ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തുവെങ്കിലും തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

(03) -പശ്ചാത്തല വികസനവും സ്ഥാപനവൽക്കരണവും - 36- സഹായധനം-ശമ്പളേതരം

വിഹിതം : 4,10,00,000 രൂപ (പദ്ധതി)

ഇ.എം.സി യിൽ ആരംഭിക്കാനിരിക്കുന്ന പരിശീലന പരിപാടികളിലും ഗവേഷണപരിപാടികളിലും മറ്റും പങ്കെടുക്കുന്നവർക്ക് നല്ല നിലയിലുള്ള ലബോറട്ടറി സംവിധാനങ്ങൾ, ലൈബ്രറി, കമ്പ്യൂട്ടർ നെറ്റ് വർക്കുകൾ എന്നിവ

ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രാദേശിക വികസനത്തിന് മറ്റുള്ളവർക്ക് മാതൃകയാക്കാൻ സഹായകരമാവുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 103)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി അധികമായി അനുവദിക്കാൻ ശിപാർശ ചെയ്ത 190 ലക്ഷം അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

(05) <u>കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ സമിതി</u>

വിഹിതം : 1,08,00,000 രൂപ (പദ്ധതി)

ഊർജ്ജ ഓഡിറ്റ് സബ്സിഡി നൽകുന്നതിനും മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്താക്കി മാറ്റുന്നതിനായി കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങൾ സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ 70 എൽ.പി/യു.പി സ്കൂളുകളിൽ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി ബൾബുകൾ, ട്യൂബുകൾ, ഫാനുകൾ, എന്നിവ സ്ഥാപിച്ച് ഊർജ്ജ കാര്യക്ഷമ സ്കൂളാക്കുന്നതിനും സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനും നടപ്പു സാമ്പത്തികവർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 102 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിനുപുറമെ സമിതി ശിപാർശ ചെയ്ത 102 ലക്ഷം രൂപ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ശമ്പളം, യാത്രാചെലവുകളും മറ്റ് പ്രവർത്തന ചെലവുകളും എന്നീ

ആവശ്യങ്ങൾക്കായി പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 194.06 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 194.06 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തതിൽ 45 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിലൂടെ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4801-80-101-99 വൈദ്യുത പദ്ധതികൾക്കുള്ള മൂലധന ചെലവ്- പൊതുവായവ

വിഹിതം : ഇല്ല

വേളിയിൽ 110 കെ.വി. ഫീഡർബേയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുവാനും വേളി മുതൽ മുട്ടത്തറവരെ 110 കെ.വി. ഭൂഗർഭ കേബിൾ നിരത്തുന്ന പണികൾ ചെയ്യുന്നതിനും മുട്ടത്തറയിൽ ലാന്റ് അതോറിറ്റി കെ.എസ്.ഇ.ബി ലിമിറ്റഡിന് കൈമാറുന്ന സ്ഥലത്ത് പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ച 500 ലക്ഷം രൂപയ്ക്കു പുറമെ 2015-16 സാമ്പത്തികവർഷം 4000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം മുട്ടത്തറയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനും അനുബന്ധ ജോലികൾക്കുമായി ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ച 500 ലക്ഷം രൂപയിൽ 362.81 ലക്ഷം രൂപ കെ.എസ്.ഇ.ബി ക്ക് ലഭ്യമാക്കിയിട്ടുണ്ട്. മുട്ടത്തറ സബ് സ്റ്റേഷന് റവന്യൂ വകുപ്പ് മുഖേന സ്ഥലം ലഭ്യമാകാത്തതിനാൽ വേളി മുതൽ മുട്ടത്തറ വരെ 110 കെ.വി ഭൂഗർഭ കേബിൾ നിരത്തുന്ന ജോലിയും 110 കെ.വി മുട്ടത്തറ സബ് സ്റ്റേഷന്റെ നിർമ്മാണവും

ള്ടങ്ങാൻ കഴിഞ്ഞിട്ടില്ല. ടി സബ് സ്റ്റേഷൻ നിർമ്മാണത്തിനും അനുബന്ധ ജോലികൾക്കുമായി വിഷയനിർണ്ണയ സമിതി ശുപാർശ ചെയ്തതുപോലെ 2015-16 സാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

## ഭാഗം II

## സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാത്തവ ചുവടെ ചേർക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പ്

2210-01-102-99- എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി-ഭരണ വിഭാഗം

വിഹിതം: 732,68,000 രൂപ (പദ്ധതിയേതരം)

-05-4 -ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം: 9,00,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

2210-01-102-98 - എംപ്ലോയീസ് ഇൻഷ്വറൻസ് പദ്ധതി-ഡിസ്പെൻസറികൾ

വിഹിതം: 129,03,59,000 രൂപ (പദ്ധതിയേതരം)

-02 - വേതനം

വിഹിതം : 1,28,51,000 രൂപ (പദ്ധതിയേതരം)

മുൻവർഷം വേതനയിനത്തിൽ അനുവദിച്ച തുകയേക്കാൾ വളരെയധികം തുക ചെലവായ സാഹചര്യത്തിൽ 2015-16 വർഷത്തേക്ക് ഈ ശീർഷകത്തിൽ 180 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 128.51 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 51.49 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

-06- <u>വാടക, കരം, നികുതി</u>

വിഹിതം: 50,00,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പ് തന്നെ മുൻകൂറായി വഹിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

-34-3- <u>മറ്റു ചെലവുകൾ- മറ്റിനം</u>

വിഹിതം: 10,00,000 രൂപ (പദ്ധതിയേതരം)

കഴിഞ്ഞ വർഷത്തെ നിരവധി ബില്ലുകൾ നിലവിൽ മാറാൻ കഴിയാത്തതായി ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇവയ്ക്കൊപ്പം നടപ്പ് സാമ്പത്തിക വർഷത്തെ ബില്ലുകൾ കൂടി മാറുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

2210-01-102-96 - <u>ഇ.എസ്.ഐ. യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്</u>

വിഹിതം :11,02,43,000 രൂപ (പദ്ധതിയേതരം)

-(01)- <u>ഡ്രഗ്സും ഡ്രസ്സിംഗ്സും</u>

വിഹിതം: 51,70,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പുതന്നെ നേരിട്ട് വഹിക്കേണ്ട സ്ഥിതിയായതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 2598.3 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

-(3) - സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

വിഹിതം: 55,000 രൂപ (പദ്ധതിയേതരം)

മുമ്പ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഇനത്തിലുള്ള മുഴുവൻ ചെലവുകളും യാതൊരു പരിധിയുമില്ലാതെ ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ടാണ് വഹിച്ചിരുന്നതെന്നും എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പ് നേരിട്ട് വഹിക്കേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ഈയിനത്തിൽ 5000 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4999.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

-(04)-മെഡിക്കൽ ക്ലെയിംസിന്റെ റീ ഇംബേഴ്സ്മെന്റ്

വിഹിതം: 9,68,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്ത് കഴിഞ്ഞവർഷങ്ങളിലെ ധാരാളം റീഇംബേഴ്സ്മെന്റ് അപേക്ഷകളിൽ തുകകൾ നൽകേണ്ടതുള്ളതിനാലും ഇൻഷ്വർ ചെയ്ത തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതിനാലും 2015-16 സാമ്പത്തികവർഷത്തേക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 832 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

2230-01-102-98 -തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

വിഹിതം: 2,68,27,000 രൂപ (പദ്ധതിയേതരം)

മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും വിവരസാങ്കേതികവിദ്യ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 95000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

2230-01-102-95 -ജോലി സുരക്ഷിതത്വവും ആരോഗ്യപ്രവർത്തനവും

വിഹിതം: 5,80,00,000 രൂപ (പദ്ധതി)

1,39,46,000 രൂപ (പദ്ധതിയേതരം)

04-യാത്രാ ചിലവുകൾ

വിഹിതം: 4,03,000 രൂപ (പദ്ധതിയേതരം)

കടിശ്ശിക യാത്രാപ്പടി ബില്ലുകൾ മാറാനുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

-34 -മറ്റു ചെലവുകൾ

വിഹിതം: 1000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 9,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

-45 -പി.ഒ.എൽ

വിഹിതം: 75,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

2235-60-102-98- സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും-മറ്റു സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമപ്രവർത്തനങ്ങളും സാമൂഹ്യപദ്ധതിയനുസരിച്ചുള്ള പെൻഷൻ-കർഷകത്തൊഴിലാളി പെൻഷൻ

-198-ഗ്രാമപഞ്ചായത്ത്

-192- മുനിസിപ്പാലിറ്റീസ്

-191-കോർപ്പറേഷൻ

വിഹിതം: 465,98,74,000 രൂപ (പദ്ധതിയേതരം)

കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് ഈ

ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് പര്യാപ്തമാണെങ്കിലും 2014-15-ലെ മൂന്നു മാസത്തെ പെൻഷൻ കുടിശ്ശിക കൂടി നൽകുന്നതിന് ആയത് പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3561.86 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

ടി. പി. രാമകൃഷ്ണൻ,
ചെയർമാൻ,
വിഷയനിർണ്ണയ സമിതി VII.

തിരുവനന്തപുരം,
2016 ഒക്ടോബർ 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.